മാതൃഭൂമി

30 December 2020

# കാലാവസ്ഥാ മുന്നറിയിപ്പ്: മത്സ്യത്തൊഴിലാളികളുടെ നഷ്ടം നികത്താൻ ഇൻഷുറൻസ് വേണം-മുരളി തുമ്മാരുകുടി

**കൊച്ചി**▸ കാലാവസ്ഥാ മുന്നറിയിപ്പ് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളുടെ നഷ്ടം നികത്താൻ പ്രത്യേക ഇൻഷുറൻസ് ഏർപ്പെടുത്തണമെന്ന് ഡോ. മുരളി തുമ്മാരുകുടി പറഞ്ഞു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിച്ച വെബിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വർധിച്ചുവരുന്ന ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പ്രത്യേക ഇൻഷുറൻസ് ഉറപ്പു വരുത്തുന്നതിലൂടെ മുന്നറിയിപ്പുകളുമായി മത്സ്യത്തൊഴിലാളികൾ പൂർണമായി സഹകരിക്കാൻ വഴിയൊരുക്കും. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള പ്രകൃതിദുരന്തങ്ങളാണ് വരുംകാലങ്ങളിൽ മത്സ്യമേഖലയ്ക്ക് ഏറെ ഭീഷണി ഉയർത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. സി.എം.എഫ്.ആർ.ഐ. നടത്തിവരുന്ന സ്വച്ഛഭാരത് കാമ്പെയിനിന്റെ ഭാഗമായാണ് വെബിനാർ സംഘടിപ്പിച്ചത്. സി.എം.എഫ്. ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, സി.എം.എഫ്.ആർ.ഐ. സ്വച്ഛഭാരത് നോഡൽ ഓഫീസർ ഡോ. ശ്യാം എസ്. സലീം, ഡോ. രേഖ ജെ. നായർ, ഡോ. മിറിയം പോൾ ശ്രീറാം എന്നിവർ സംസാരിച്ചു.